(ബി) രണ്ട് കുടികളിൽ നിന്നും ആദിവാസികളുടെ അപേക്ഷകൾ ഉണ്ടായിട്ടും ആറ് സെന്റ് സ്ഥലം വനം വകുപ്പ് വിട്ടു നൽകാത്തത് മൂലം ആദിവാസികളും ട്രൈബ്സുകളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രസ്തുത പാലത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുമോ;

(സി) ഇതുസംബന്ധിച്ച് വനം വകുപ്പിന്റെ നിലപാട് തിരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാലം സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വനം വകുപ്പിൽ നിന്നും ഭൂമി വിട്ടുകിട്ടാത്തതുകൊണ്ടാണ് ആനക്കയം പാലത്തിന്റെ നിർമ്മാണം നിലുപോകുന്നത്. ആവശ്യമായ സ്ഥലം വനം വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പാലം നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

(സി&ഡി) ബഹുമാനപ്പെട്ട വനം വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം ബന്ധപ്പെട്ട എം.എൽ.എ.മാരുടെ നേതൃത്വത്തിൽ മലയാറ്റൂർ ഡി.എഫ്.ഒ.-യും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുമായി 6-8-2015-ൽ പാലം നിർമ്മാണത്തിനുള്ള സ്ഥല പരിശോധന നടത്തുകയുണ്ടായി. അതിൽ ആറ് സെന്റ് സ്ഥലം പാലം നിർമ്മാണത്തിന് അത്യാവശ്യമാണെന്ന് കണ്ടെത്തുകയും ടി സ്ഥലം വനം വകുപ്പിൽ നിന്ന് വിട്ടുകിട്ടുന്നതിന് മലയാറ്റൂർ ഡി.എഫ്.ഒ.യോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിൽ നിന്നും സ്ഥലം വിട്ടുകിട്ടുന്നമുറയ്ക്ക് പാലം നിർമ്മാണം ആരംഭിക്കുവാൻ സാധിക്കും.

തവനൂർ മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തി

322 (1407) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം തവനൂർ മണ്ഡലത്തിൽ എത്ര തുകയുടെ പ്രവൃത്തിക്കുള്ള ഭരണാനുമതിയാണ് പൊതുമരാമത്ത് വകുപ്പ് മുഖേന നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് നൽകിയിട്ടുള്ളത് എന്നും, ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചത് എന്നും വിശദമാക്കുമോ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ പൂർത്തിയാക്കാനുള്ളത് എന്നും ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന തിരുവനന്തപുരം-പൊന്നാനി മണ്ഡലങ്ങളിൽ കൂടി കടന്നുപോകുന്ന Construction of 16 Km two lane road from Kuttippuram to Poduponnani-Km 319/370 to 323/200 and 323/200 to 334/745 എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭരണാനുമതി 38.00 കോടി രൂപ ആയിരുന്നത് പിന്നീട് 54.95 കോടി രൂപയ്ക്ക് പുതുക്കി നൽകുകയുണ്ടായി. ഈ പണി ഇപ്പോൾ 98% പൂർത്തിയാക്കിയിട്ടുണ്ട്. നിലവിലുള്ള വിഭാഗത്തിൻകീഴിൽ 3996 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

മുളക്കടവാടി റോഡിന്റെ പുനർനിർമ്മാണം

323 (1408) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളക്കടവാടി റോഡിന്റെ പുനർനിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്തു കഴിഞ്ഞതിനാൽ പ്രസ്തുത റോഡിന്റെ നിർമ്മാണം സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത റോഡിനുള്ള ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) മുളക്കടവാടി റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കലിന്റെ ഒന്നാം ഘട്ടവും, രണ്ടാം ഘട്ടവും പൂർത്തിയായിട്ടുണ്ട്. മൂന്നാം ഘട്ടം ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത റോഡ് നിർമ്മാണത്തിനായുള്ള 400 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്റെ ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

---

* ഇംഗ്ലീഷിൽ വായിച്ചതായി.

LIBRARY ARCHIVES Kerala Legislative Assembly